ഉത്തരം

(എ) ഉണ്ട്.

(ബി) സി.എഫ്.എൽ. ഫ്ലറസെന്റ് എന്നിവയുടെ സംസ്കരണത്തിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി IRG സിസ്റ്റംസ് സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ് സാധ്യതാപഠനം നടത്തി, കരട് റിപ്പോർട്ട് എനർജി മാനേജ്മെന്റ് സെന്ററിന് ലഭിച്ചിട്ടുണ്ട്.

വൈദ്യുതി സെക്ഷൻ ഓഫീസുകൾ

32(2020) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതുതായി സെക്ഷൻ ഓഫീസുകൾ അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ഉപഭോക്താക്കളുടെ എണ്ണം വിസ്തൃതി (2500 ഉപഭോക്താക്കൾ/50) ചതുരശ്ര കി.മി. അഥവാ (20,000 ഉപഭോക്താക്കൾ/100) ചതുരശ്ര കി.മി. പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽവരുന്ന സെക്ഷൻ ഓഫീസുകളെ വിഭജിച്ച് പുതിയവ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ വൈദ്യുതി ബോർഡ് പരിശോധിച്ചുവരുന്നു.

വൈദ്യുത പദ്ധതികൾ

33(2021) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജൂൺ മാസംമുതൽ 2015 മെയ് മാസംവരെ സംസ്ഥാനത്ത് ഏതെല്ലാം വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) കേരളത്തിൽ ഏതെല്ലാം പദ്ധതികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദാംശം നൽകാമോ ; അവ എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാറ്റിൽനിന്നും സൗരോർജ്ജത്തിൽനിന്നും വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനായുള്ള ഏതെല്ലാം പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നത് എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയും ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെകീഴിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 15.25 MW വൈദ്യുത ശൃംഖലയിലേക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്.

1	റാന്നി - പെരുനാട് SHEP	4 MW
2	പീച്ചി SHEP	1.25 "
3	വിലങ്ങാട് SHEP	7.5 "
4	ചിമ്മിനി SHEP	2.5 "
	ആകെ	15.25 "

കൂടാതെ പൊരിങ്ങൽകുത്ത് (4 മെഗാവാട്ട്), ശബരിഗിരി (5 മെഗാവാട്ട്) എന്നീ പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനംവഴി 9 MW-ന്റെ സ്ഥാപിത ശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. മറ്റ് 6 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്.

സ്വകാര്യ മേഖലയിൽ 10.5 മെഗാവാട്ട് ശേഷിയുള്ള കാരിക്കയം ജലവൈദ്യുത പദ്ധതി, 3 മെഗാവാട്ടിന്റെ മീൻവല്ലം ജലവൈദ്യുത പദ്ധതി, 0.11 മെഗാവാട്ട് പാമ്പുക്കയം പദ്ധതി, 1.5 മെഗാവാട്ട് ഇരുട്ടുക്കാനം പദ്ധതി, 0.05 മെഗാവാട്ടിന്റെ കല്ലാർ പദ്ധതി എന്നിവ കമ്മീഷൻ ചെയ്തു. 50 കിലോവാട്ടിന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി, 110 കിലോവാട്ടിന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതിയും പുതുക്കി ഗ്രിഡുമായി കണക്ട് ചെയ്തിട്ടുണ്ട്. കൂടാതെ 53 പീക്കോ ജലവൈദ്യുത പദ്ധതികൾ (1KW) കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) കമ്മീഷൻ ചെയ്തിട്ടുണ്ട്.

ഊർജ്ജ മേഖലയിൽ അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 10000 റൂഫ് ടോപ്പ് സോളാർ പദ്ധതിയിൻ കീഴിൽ ഇതുവരെ ഏകദേശം 7 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ വിവിധ കെട്ടിടങ്ങളിലായി സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന 139 കിലോവാട്ട് മൊത്തംശേഷിയുള്ള പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതി	MW	കമ്മീഷൻ ചെയ്യുന്ന തീയതി
1	പള്ളിവാസൽ എക്സ്റ്റൻഷൻ	60	6/2017
2	തൊട്ടിയാർ	40	9/2016
3	ചെങ്കുളം ഓഗ്മെന്റേഷൻ	–	12/2016
4	ബാരപ്പോൾ SHEP	15	10/2015
5	ചാത്തൻകോട്ടുനട SHEP	6	12/2016
6	ഭൂതത്താൻകെട്ട് SHEP	24	6/2016
7	കക്കയം SHEP	3	7/2016
8	പെരുന്തേനരുവി SHEP	24	6/2016
9	വെള്ളത്തൂവൽ SHEP	3.6	2/2016
10	ആഢ്യൻപാറ SHEP	3.5	7/2016
11	പെരിങ്ങൽകുത്ത് SHEP	24	3/2017

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ 821.5 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പുറമേ അനെർട്ടിന്റെ 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലുമാണ്. ഈ പദ്ധതികളെല്ലാംതന്നെ 6 മാസത്തിനകം കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്തുള്ള 5 ഏക്കർ സ്ഥലത്ത് 1 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2015 ജൂലൈ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ടൈബൽ കോളനിയിലെ വീടുകൾക്ക് മുകളിൽ 96 കിലോവാട്ട് സ്ഥാപിതശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി 2015 നവംബർ മാസത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തൃശ്ശൂർ ജില്ലയിലെ പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ പവർ ഹൗസിന് മുകളിൽ 50 കിലോവാട്ട് സൗരോർജ്ജ പദ്ധതി 2015 ജൂലൈ മാസത്തോടുകൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഡി.ഡി.ജി. പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലുള്ള അഞ്ച് ഗ്രാമങ്ങൾ വൈദ്യുതീകരിക്കുന്നതിനായി 47 കിലോവാട്ടിന്റെ സൗരോർജ്ജ പദ്ധതി 2015 ഡിസംബർ മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ എൻ.എച്ച്.പി.സി.-യുമായി കേരള സർക്കാർ 1-6-2014-ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻ പ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് കാറ്റാടി വൈദ്യുത പദ്ധതി പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിലായി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കാസർഗോഡ് വൈദ്യുതി ഭവൻ നിർമ്മാണം

34(2022) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് വൈദ്യുതിഭവന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത് ; ഇതിനു വേണ്ടി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) വൈദ്യുതിഭവൻ നിർമ്മാണത്തിന്റെ കരാർ ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന്റെ നിർമ്മാണം പൂർത്തിയായാൽ ഏതെല്ലാം ഓഫീസുകളാണ് ഇവിടെ പ്രവർത്തിക്കുക എന്ന് വിശദമാക്കാമോ ;

(സി) വൈദ്യുതിഭവൻ ഇല്ലാത്തതുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഏതെല്ലാം ഓഫീസുകളാണ് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ; വൈദ്യുതിഭവൻ നിലവിൽ വന്നാൽ പ്രസ്തുത ഇനത്തിൽ സർക്കാരിന് എത്ര രൂപ ലാഭമുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly